പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6627 12.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുമായി ബന്ധപ്പെട്ട് എത്ര റൂട്ട് കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്നും അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുമായി ബന്ധപ്പെട്ട് ആകെ 471 കേസ്സുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്. ഇതിൽ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് 228 കേസ്സുകളുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര റൂട്ട് കേസുകൾ തീർപ്പായിട്ടുണ്ടെന്നും അതിൽ എത്ര കേസുകൾ കോർപ്പറേഷന് അനുകൂലമായി വിധിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 35 കേസ്സുകൾ തീർപ്പായിട്ടുണ്ട്. അവയിൽ 8 കേസ്സുകൾ ഹൈക്കോടതി കോർപ്പറേഷന് അനുകൂലമായി വിധിച്ചിട്ടുണ്ട്. |
| (സി) | കോർപ്പറേഷനുവേണ്ടി കേസുകൾ വാദിക്കുവാൻ എത്ര സ്റ്റാൻഡിംഗ് കൗൺസൽമാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർക്കായി കഴിഞ്ഞ ഒരു വർഷം എത്ര രൂപ പ്രതിഫലമായി നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) | കോർപ്പറേഷനുവേണ്ടി കേസ്സുകൾ വാദിക്കുവാൻ ഹൈക്കോടതിയിൽ 4 പേരെയും വിവിധ എം.എ.സി.റ്റി. കോടതികളിലായി 44 പേരെയും സ്റ്റാൻഡിംഗ് കൗൺസൽമാരായി നിയമിച്ചിട്ടുണ്ട്. ഇവർക്കായി കഴിഞ്ഞ ഒരു വർഷം ₹ 27,82,111/- രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി. കേസുകൾക്കായി ഹാജരാവുന്ന സ്റ്റാൻഡിംഗ് കൗൺസൽമാരുടെ പ്രതിഫലം നൽകുന്നതിന്റെ മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. കേസുകൾക്കായി ഹാജരാവുന്ന സ്റ്റാൻഡിംഗ് കൗൺസൽമാരുടെ പ്രതിഫലം അവരുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ്. എം.എ.സി.റ്റി. കേസ്സുകളിലും മറ്റ് ട്രിബ്യൂണലുകളിലും **Written Statement** ഫയൽ ചെയ്യുന്നതിന്റെയും കേസ് തീർപ്പാക്കുന്നതിന്റെയും അടിസ്ഥാനത്തിലും ഹൈക്കോടതിയിൽ തീർപ്പാക്കുന്ന കേസ്സുകളുടെ എണ്ണമനുസരിച്ചും കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായുമാണ് ഫീസ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ